# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം,പട്ടം
തിരുവനന്തപുരം

ടെലിഫോൺ - 0471 2514527, 2514608
ഇ മെയിൽ - pokseb@gmail.com.

No. PS2/WF/ECA/2022 തീയതി: 31/08/2022

## പരിപത്രം

**(നോട്ടീസ് ബോർഡിലേയ്ക്കും പ്രസിദ്ധീകരണത്തിനും വേണ്ടി)**

വിഷയം:- വെൽഫയർ ഫണ്ടിൽ നിന്നും 2022 വർഷത്തേയ്ക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്നത് - സംബന്ധിച്ച്.

കെ.എസ്.ഇ.ബി വെൽഫയർ ഫണ്ടിലെ വ്യവസ്ഥകൾക്കനുസൃതമായി വെൽഫയർ ഫണ്ട് അംഗങ്ങളായ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മക്കളിൽ 2022 – ലെ 10 -)o ക്ലാസ്, പ്ലസ് ടു (കേരള / സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 90 ശതമാനമോ അതിലധികമോ മാർക്ക് ലഭിക്കുകയും അല്ലെങ്കിൽ എല്ലാ വിഷയങ്ങൾക്കും A+ / A1 ഗ്രേഡ് ലഭിക്കുകയും ചെയ്ത (ഓപ്ഷണൽ വിഷയങ്ങൾ പ്രധാന / ഐശ്ചിക വിഷയങ്ങൾക്ക് ഉപരിയായി വ്യക്തിഗത താൽപര്യ പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയവ ഒഴികെ) വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും വിദ്യാഭ്യാസ അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു മേൽപ്പറഞ്ഞ യോഗ്യതയുള്ള 10 -)o ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

അർഹരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ബന്ധപ്പെട്ട എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ വ്യക്തമായ പകർപ്പുകൾ വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അടങ്ങിയ പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്, പേഴ്സണൽ ഡിപ്പാർട്ട്മെന്റ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 4 എന്ന വിലാസത്തിൽ **30.09.2022** നോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്. എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്താത്തതും, വ്യക്തമല്ലാത്ത അനുബന്ധരേഖകൾ ഉൾപ്പെടുന്ന അപേക്ഷകളും, **30.09.2022** – നു ശേഷം ലഭിക്കുന്നതും, മുകളിൽ പറഞ്ഞിരിക്കുന്ന പരീക്ഷാ യോഗ്യതകൾ കരസ്ഥമാക്കാത്തതും, വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകാത്തതും നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ ഈ വിഷയമെത്തിക്കുന്നതിനു വേണ്ടി എ.ആർ.യു. മേധാവികൾ അവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലേക്കും നോട്ടീസ് ബോർഡിൽ ടി പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും വിവിധ ഓഫീസുകളിലെ സൺ റൈസ് / സ്റ്റാഫ് മീറ്റിംഗുകളിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുന്നതിനും ഹാജർ പുസ്തകത്തിൽ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ അവാർഡ് വിവരം യഥാസമയം അറിഞ്ഞില്ലായെന്ന് ജീവനക്കാരിൽ നിന്നും പരാതി ഉയർന്നിരുന്ന സാഹചര്യത്തിൽ മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തിയെന്നും, എജ്യൂക്കേഷണൽ ക്യാഷ് അവാർഡ് RTGS / NEFT മുഖാന്തിരം മാത്രം ജേതാക്കളായ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ക്യാഷ് അവാർഡിനുള്ള അപേക്ഷയോടൊപ്പം വിദ്യാർത്ഥിയുടെ അക്കൗണ്ടിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട എ.ആർ.യു തലവൻമാർ ഉറപ്പാക്കേണ്ടതാണ്. കൂടാതെ ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ പകർപ്പ് വ്യക്തമാണെന്ന് എ.ആർ.യു മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നത് ആർ.റ്റി.ജി.എസ്. വഴി ക്യാഷ് അവാർഡ് വിതരണം വേഗവും സുഗമവും ആക്കുമെന്ന വിവരം ഓർമ്മിപ്പിക്കുന്നു.

**സെക്രട്ടറി**
**കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്**

ഉൾചേർപ്പ് : അപേക്ഷാഫോറം.

# കെ.എസ്.ഇ.ബി. എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്നും 2022-ലെ വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ

| | | | | | |
|---|---|---|---|---|---|
| 1 | ഉദ്യോഗസ്ഥന്റെ പേര് | | | | |
| 2 | എംപ്ലോയീ കോഡ് | | | | |
| 3 | തസ്തിക | | | | |
| 4 | ഓഫീസ് വിലാസം | | | | |
| 5 | അപേക്ഷകന്റെ മൊബൈൽ നമ്പർ | | | | |
| 6 | എ.ആർ.യു-ന്റെ പേര് | | | | |
| 7 | എ.ആർ.യു-ന്റെ ഫോൺ നമ്പർ | | | | |
| 8 | സർക്കിളിന്റെ പേര് | | | | |
| 9 | വെൽഫെയർ ഫണ്ട് അംഗത്വ നമ്പർ | | | | |
| 10 | ക്ലാസ് ( √ ചെയ്യുക) | X | | XII | |
| 11 | വിദ്യാർത്ഥിയുടെ പേര് (മലയാളത്തിൽ) | | | | |
| 12 | വിദ്യാർത്ഥിയുടെ പേര് (ഇംഗ്ലീഷിൽ) | | | | |
| 13 | വിദ്യാർത്ഥിയുടെ ജനന തീയതി | | | | |
| 14 | ആൺ/പെൺ ( √ ചെയ്യുക) | ആൺ | | പെൺ | |
| 15 | രജിസ്റ്റർ നമ്പർ, വിജയിച്ച വർഷം | | | | |
| 16 | പരീക്ഷാ ബോർഡിന്റെ പേര് | | | | |
| 17 | പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച തീയതി | | | | |
| 18 | അപേക്ഷകനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം | | | | |
| 19 | അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ പേര് (മാർക്ക് ലിസ്റ്റ്/ഗ്രേഡ് സർട്ടിഫിക്കറ്റ്) | | | | |
| 20 | വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ | | | | |
| 21 | ബാങ്കിന്റെ പേര് | | | | |

| | | |
|---|---|---|
| 22 | ബ്രാഞ്ചിന്റെ പേരും ഐ.എഫ്.എസ് കോഡും | |

NB:- കേരള/സി.ബി.എസ്.ഇ/ഐ.സിഎസ്.ഇ നടത്തുന്ന 10/+2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 90 ശതമാനമോ അതിലധികമോ മാർക്ക് നേടുകയോ അല്ലെങ്കിൽ എല്ലാ വിഷയങ്ങൾക്കും എ+/എ1 ഗ്രേഡ് ലഭിക്കുകയോ ചെയ്ത (ഓപ്ഷണൽ വിഷയങ്ങൾ, പ്രധാന/ഐശ്ചിക വിഷയങ്ങൾക്ക് ഉപരിയായി വ്യക്തിഗത താൽപര്യപ്രകാരം തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയവ ഒഴികെ) വിദ്യാർത്ഥികൾ മാത്രമാണ് വിദ്യാഭ്യാസ അവാർഡിന് അർഹരായിട്ടുള്ളത്.

**വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക്അക്കൗണ്ട് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അടങ്ങിയ പാസ് ബുക്ക് പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചു തരേണ്ടതാണ്.**

## സാക്ഷ്യപത്രം

മാസ്റ്റർ/കുമാരി ........................................................................................................., എന്റെ മകൻ/മകൾ ആണെന്നും, അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എല്ലാം തന്നെ സത്യമാണെന്നും ............................................ .............. ............................ എന്ന പേരുകാരനായ ഞാൻ (വെൽഫെയർ ഫണ്ട് അംഗത്വ നമ്പർ ..........................) ഇതിനാൽ സാക്ഷ്യപ്പെടുത്തി കൊള്ളുന്നു. ഞാനോ എന്റെ മകൻ/മകളോ ഈ വിജയത്തിന്റെ പേരിലുള്ള അവാർഡ് ഇതിന് മുൻപ് കെ.എസ്.ഇ.ബി. എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്നും കൈപ്പറ്റിയിട്ടില്ലായെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

ഉൾച്ചേർപ്പ്:1. മാർക്ക് ലിസ്റ്റ്/ഗ്രേഡ് സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസറോ/കെ.എസ്.ഇ.ബി ലിമിറ്റഡിലെ സാക്ഷ്യപ്പെടുത്താൻ അധികാരമുള്ള ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയത്) 2 വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങിയ പാസ് ബുക്ക് പേജിന്റെ പകർപ്പ്

ഒപ്പ്:

ഓഫീസ് സീൽ എ.ആർ.യു. മേലധികാരി